"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തിരുവനന്തപുരം ജില്ലയിലെ കാലടി മരുതൂർക്കടവ് (റീച്ച് I) കരമന തളിയിൽ (റീച്ച് II) റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ചുള്ള എൽ.എ.ആർ 452/10, 28A Award(LAR 388/2010) നമ്പർ കേസുകൾക്ക് വിധി തുക അനുവദിക്കുന്നതിലേക്കായി പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുമരാമത്ത് (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.105/2025/PWD തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:-

1. 27.12.2021-ലെ സ.ഉ(സാധാ)നം.1151/2021/പൊമവ
2. 30.03.2022-ലെ സ.ഉ(സാധാ)നം.359/2022/പൊമവ
3. 19.12.2022 -ലെ സ.ഉ സാധാ നം. 1238/2022/പൊമവ
4. 22.02.2023-ലെ സ.ഉ (സാധാ)നം 200/2023/പൊമവ

5 20.07.2023- ലെ സ.ഉ (സാധാ)നം. 983/2023/പൊമവ

6 22.02.2024-ലെ സ.ഉ (സാധാ)നം254/2024/പൊമവ

7. 20.07.2024-ലെ സ.ഉ (സാധാ)നം. 719/2024/പൊമവ
8. 12.11.2024ലെ സ.ഉ (സാധാ) നം. 1149/2024/പൊമവ
9. 25.11.2024ലെ സ.ഉ (സാധാ) നം. 1202/2024/പൊമവ

10 പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ഫിനാൻസ് ഓഫീസറുടെ 18.01.2025 ലെ CEPWD/1063/2025-FR2(F)-RD നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കാലടി മരുതൂർക്കടവ് (റീച്ച് 1), കരമന തളിയിൽ (റീച്ച് II) റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനോട് അനുബന്ധിച്ച് തിരുവനന്തപുരം സബ് കോടതിയിൽ ഫയൽ ചെയ്ത എൽ.എ.ആർ കേസ് നം 452/10, 28A Award(LAR 388/2010) കേസുകളിൽ വിധിതുക നൽകുന്നതിനായി 18,52,413/- രൂപ ആവശ്യമുള്ളതായും പ്രസ്തുത തുക അനുവദിക്കുന്നതിലേക്കായി ഇതുമായി ബന്ധപ്പെട്ട് നൽകിയ പുതുക്കിയ ഭരണാനുമതി തുകയുടെ ടി തുക കൂടി ചേർത്ത് 11,73,43,348/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകണമെന്നും മേൽ പരാമർശം 9 പ്രകാരം പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ കാലടി മരുതൂർക്കടവ് (റീച്ച് 1), കരമന തളിയിൽ (റീച്ച് റീച്ച് II) റോഡു നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനോട് അനുബന്ധിച്ച് തിരുവനന്തപുരം സബ്

കോടതിയിലെ എൽ.എ.ആർ കേസ് നം 452/10, 28A Award(LAR 388/2010) കേസുകളിൽ വിധിതുക നൽകുന്നതിനായി വേണ്ട 18,52,413/- രൂപ അനുവദിക്കുന്നതിലേക്കായി മേൽ പരാമർശം 9 പ്രകാരം അനുവദിച്ച 11,54,90,935/- രൂപയുടെ കൂടെ ടി തുക കൂടി ചേർത്ത് ആകെ 11,73,43,348/- (പതിനൊന്ന് കോടി എഴുപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തിമൂവായിരത്തി മുന്നൂറ്റി നാൽപ്പത്തിയെട്ട് രൂപ) രൂപയ്ക്ക് 5054-04-337-80-പി.സി എന്ന ശീർഷകത്തിൽ പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. നഷ്ടപരിഹാരത്തുക നൽകുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് നൽകിയ കണക്കുകളുടെ കൃത്യത ചീഫ് എഞ്ചിനീയർ തലത്തിൽ ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

A MUMTHAS BEEGOM

അഡിഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ (നിരത്തുകൾ), പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിരത്തുകൾ), ദക്ഷിണ മേഖല, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തു വിഭാഗം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (നം.ഐ&പി.ഡബ്ല്യൂ-ബി-1/251/2024-ധന (E 2915691) തിയതി 18.10.2024)
കരുതൽ ഫയൽ /വെബ്സൈറ്റ്.

ഉത്തരവിൻ പ്രകാരം

Signed by
Savitha .o.d
സെക്ഷൻ ഓഫീസർ
Date: 22-01-2025 15:56:10